**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1960** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഖൻസാ വനിതാ കോളേജിന് സമീപം ബസ് സ്റ്റോപ്പ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കുമ്പള - ബദിയടുക്ക കെ.എസ്.ടി.പി. റോഡിൽ ഖൻസാ വനിതാ കോളേജിന് സമീപം പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച ബസ് കാത്തിരിപ്പ് കേന്ദ്രത്തിൽ സ്വകാര്യ ബസ്സുകൾ നിർത്താതെ പോകുന്നതിനാൽ വിദ്യാർത്ഥിനികൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | പ്രസ്തുത വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച ബസ് കാത്തിരിപ്പ് കേന്ദ്രത്തിന് സമീപം മറ്റൊരു ബസ് സ്റ്റോപ്പ് കൂടി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | 09/04/2022-ന് നടന്ന കാസറഗോഡ് ആർ.ടി.എ. യോഗം ഐറ്റം നം.32 ആയി ടി വിഷയം പരിഗണിക്കുകയും കോളേജിനടുത്തായി 300 മീറ്റർ ദൂരത്തിനുള്ളിൽ രണ്ട് ബസ് സ്റ്റോപ്പുകൾ ഉള്ളതിനാലും സുഗമമായ വാഹന ഗതാഗതത്തിന് തടസ്സമായി തീരുമെന്നതിനാലും മേൽ അപേക്ഷ നിരസിച്ചതാണ്. ആയതിനാൽ പ്രസ്തുത സ്ഥലത്ത് പുതിയ ബസ് സ്റ്റോപ്പ് നിയമപരമായി അനുവദിക്കാൻ സാധ്യമല്ല. |

സെക്ഷൻ ഓഫീസർ